# പ്രണയ ലിഖിതങ്ങൾ

# قصيدة الحب

**ഡോ. സുആദ് മുഹമ്മദ് അൽ സബാഹ്**

**വിവർത്തനം**

**ഡോ. സബീന. കെ**

അതിരുകളില്ലാത്ത. പ്രണയകാവ്യങ്ങളാണിവ.

സ്ത്രീയെ അവളുടെ സ്ത്രീത്വത്തിൽ നിന്നും വേർപെടുത്തുന്ന സർവ്വ കൽഭിത്തികളേയും പൊളിച്ച മാറ്റാനുള്ള ശ്രമം. ഒരു സ്ത്രീക്ക് അവളുടെ സ്വാഭാവിക അവകാശങ്ങളിൽ പെട്ടതാണ് ശ്വസിക്കാനും സംസാരിക്കാനും ജീവിക്കാനുമുള്ള അവകാശങ്ങൾ.

**അതിപുരുഷ സമൂഹങ്ങളിൽ**

സ്ത്രീയുടെ സാധാരണ നിലയിലുള്ള സംസാരത്തിനുള്ള അവകാശം നിരാകരിക്കപ്പെടുന്നതും വെറുക്കപ്പെടുന്നതും നിന്ദിക്കപ്പെടുന്നതും ആണെങ്കിൽ ഈ സമൂഹങ്ങളിൽ പ്രണയത്തെക്കുറിച്ച് സംസാരിക്കുന്നത് അത്യന്തം മ്ലേച്ഛമായതും വിവരണാത്മകമായ കുറ്റകൃത്യവുമാണ്.

ചരിത്രത്തിന്റെ നീണ്ട കാലഘട്ടങ്ങളിൽ, സ്ത്രീ ശബ്ദം ന്യൂനത, അഭിമാനം,ഉയർന്ന ബഹുമാനം എന്നിവയുടെ ആശയവുമായി ബന്ധപ്പെട്ടിരുന്നു. എത്രത്തോളമെന്നാൽ ചില തീവ്രപക്ഷപാതികളും മാതാചാരങ്ങളിൽ നിഷ്കൃഷ്ടമായവരും ഒരു സ്ത്രീയുടെ ശബ്ദം ശ്രോതാക്കളോട് വെളിപ്പെടുത്താൻ പാടില്ലാത്ത നഗ്നതയായി കണക്കാക്കുന്നു.

പരിശീലനത്തിന്റെയും ഉപയോഗത്തിന്റെയും അഭാവത്താൽ തുരുമ്പു മൂടിയ തൊണ്ടക്കുഴിയെ പുനർരംഭിക്കാൻ സാധ്യമാക്കുന്നത് വരെ നീണ്ട നിശബ്ദതയുടെ കാലഘട്ടങ്ങളിൽ നിന്നും പുറത്തു കടക്കാനും തനിക്കുമേൽ തടയപ്പെട്ട ശബ്ദം തിരിച്ചെടുക്കാനും സ്ത്രീ വളരെയധികം പോരാടിയിട്ടുണ്ട്.

സ്ത്രീ ശബ്ദം തടഞ്ഞു വെക്കലും അതിനെ ക്വാറന്റൈൻ ചെയ്യലും അറബ് സൂഹത്തെ ഒരേ സ്വരത്തിൽ സംസാരിക്കാൻ സാധ്യമാക്കി... അത് സർവത്ര പരുക്കമായതും ഫലിതമയമായതും ലോഹ ഈണത്തിലുമുള്ള പുരുഷ ശബ്ദമാണ്.

അപ്രകാരം നമ്മുടെ സംഗീതത്തിന് ഹാഫ് വോയ്സോ ക്വാർട്ടർ വോയ്സോ അറിയില്ലായിരുന്നു. പുരുഷൻമാർ മാത്രമുള്ള ഗായകസംഘങ്ങൾ പാടുന്ന സിംഫണി അപൂർണ്ണമായ സിംഫണി യായിമാറി.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ, സ്ത്രീകൾ അവരുടെ മുഖത്ത് അടിച്ചേൽപ്പിച്ച മൂടുപടം ക്രമേണ ഒഴിവാക്കിത്തുടങ്ങി.

എന്നാൽ അവളുടെ "ശബ്ദത്തിൽ" അടിച്ചേൽപ്പിക്കപ്പെട്ട മൂടുപടം ഏതാനും സെൻ്റീമീറ്ററുകൾ മാത്രമാണ് നീങ്ങിയത്. ശാസ്ത്രത്തിൻ്റെയും അറിവിൻ്റെയും വാതിലുകൾ അവൾക്കു മുന്നിൽ മലർക്കെ തുറന്നിട്ടും അവളുടെ സാംസ്കാരിക ചക്രവാളങ്ങൾ വിസ്തൃതമായിട്ടും അവളുടെ അന്തരാളങ്ങളിലെ സംഭവവികാസങ്ങളെ പകുതി ഭാഷയിലും പകുതി ശബ്ദത്തിലും പകുതി സ്വാതന്ത്ര്യത്തിലും മാത്രമാണ് അവൾക്കു പ്രകടിപ്പിക്കാൻ കഴിയുന്നത്.

അറബ് സമൂഹം, അതിന്റെ ഘടനയിൽ പരിവർത്തനങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും, ഇപ്പോഴും സ്ത്രീ ശബ്ദത്തെ പുരുഷന്മാരുടെ ഭരണകൂടത്തിനും അധികാരത്തിനുമെതിരായ ഗൂഢാലോചനയായി കണക്കാക്കുന്നു. കൂടാതെ "വാക്ചാതുര്യമുള്ള" സ്ത്രീകളെ ഒരു അസാധാരണ പ്രതിഭാസമായി അല്ലെങ്കിൽ മരുന്നുകളും ആൻറിബയോട്ടിക്കുകളും ഉപയോഗിച്ച് ചികിത്സിക്കേണ്ട ഒരു രോഗമായി കണക്കാക്കുന്നു.

അങ്ങനെ, വെള്ളം കുടിക്കാനും ഭക്ഷണം ചവയ്ക്കാനും മാത്രം പ്രാപ്തമാക്കിക്കൊണ്ട് സ്ത്രീയുടെ വായ ചുവന്ന മെഴുക് കൊണ്ട് അടച്ചു. എല്ലാ ജീവജാലങ്ങളും ഈ പദവി സഹജമായി ആസ്വദിക്കുന്നു.

തീർച്ചയായും പ്രണയമെന്ന കളി രണ്ടുപേർ കളിക്കുന്ന കളിയാണ്. ഒരു സ്ത്രീയും ഒരു പുരുഷനും.

എന്നിരിക്കെ ഒരു സ്ത്രീക്ക് ഗെയിമിൽ പങ്കെടുക്കാനും ഭാഗ്യം പരീക്ഷിക്കാനും അവസരം നൽകാതെ ഒരു പുരുഷൻ മാത്രം എന്തിനാണ് പ്രണയത്തിന്റെ കാർഡുകൾ കളിക്കുന്നത്? എന്തുകൊണ്ടാണ് പ്രണയത്തിന്റെ കൊടുങ്കാറ്റ് ആഞ്ഞടിക്കുമ്പോൾ, ഒരു സ്ത്രീയോട് ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്ന് പറയാനുള്ള അവകാശം പുരുഷന് ഉണ്ടാകുമ്പോൾ സ്നേഹത്തിൻ്റെ പെരുമഴ അവളെ നനക്കുമ്പോൾ, അതിനേക്കാൾ ഊഷ്മളവും മധുരവും സത്യസന്ധവുമായ ഭാഷയിൽ അവനോട് പ്രതികരിക്കാനുള്ള അവകാശം സ്ത്രീക്കില്ലാത്തത്?

ജീവശാസ്ത്രപരമായ സമത്വം സാധ്യമല്ലെങ്കിൽ, പ്രണയം ആണും പെണ്ണും പങ്കിടുന്ന ഒരു മാനുഷിക വികാരമായതിനാൽ എന്തുകൊണ്ട് വൈകാരിക സമത്വമെങ്കിലും നമ്മൾ കൈവരിക്കുന്നില്ല?

വംശീയമൊ ലിംഗമൊ ആയ വേർതിരിവുകൾ അവൾക്കു സഹിക്കാവവാത്തതെന്നു കൊണ്ടാണ്.

*

ഈ കവിതാസമാഹാരത്തിൽ, ഫ്യൂഡൽ, ഗോത്ര, കുത്തക ചിന്തകളിൽ നിന്ന് അകന്ന് ഒരു തരം വൈകാരിക സോഷ്യലിസം കൈവരിക്കാനും ഒരു സ്ത്രീയെന്ന നിലയിൽ എൻ്റെ വികാരങ്ങൾ ഞാൻ സ്നേഹിക്കുന്നവരോട്, യാതൊരുവിധ അപകർഷതാബോധമോ ഉപദ്രവമോ ഇല്ലാതെയുംഅല്ലെങ്കിൽ പൊതു ധാർമ്മികതയുടെ നിയമങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ടോ അല്ലാതെ അറിയിക്കാനുള്ള സ്വാഭാവിക അവകാശം വീണ്ടെടുക്കാനും ഞാൻ ആഗ്രഹിച്ചു.

മഹത്തായ സ്നേഹം ഒരിക്കലും ഉന്നത മൂല്യങ്ങൾക്കോ അല്ലെങ്കിൽ പൊതു ധാർമ്മികതക്കോ വിരുദ്ധമായിരുന്നില്ല.

ഇത് നിയമാനുസൃതമായ അവകാശമാണ്, തിരമാലകൾക്ക് തകർത്തെറിയാനുള്ള അവകാശം പോലെ പൊട്ടിത്തെറിക്കാനുള്ള ഇടിമുഴക്കത്തിൻ്റെ അവകാശം പോലെ,പാടാനും കലപില കൂട്ടാനുമുള്ള പക്ഷികളുടെ അവകാശങ്ങൾ പോലെ .

പിന്നെ എന്തിനാണ് എന്നെ ഒരു തിരമാലയോ, ഇടിമുഴക്കമോ അല്ലെങ്കിൽ പ്രിയപ്പെട്ടവന്റെ ജനാലയിൽ പാടുന്ന പക്ഷിയോ...ആകാൻ അനുവദിക്കാത്തത്..? വേട്ടക്കാരുടെ വെടിയേറ്റ് കൊല്ലപ്പെടാതെ?

ചരിത്രത്തിന്റെ തുടക്കം മുതൽ പുരുഷൻ സ്ത്രീകളുമായി ശൃംഗാരം നടത്തിയിട്ടുണ്ട്... അവനുമായി ശൃംഗരിക്കുവാൻ അനുവദിക്കുന്ന ഒരു ചെറിയ സ്വാതന്ത്ര്യം പോലും അവർ അവൾക്ക് അവശേഷിപ്പിച്ചില്ല... അതർത്ഥമാക്കുന്നത്, വൈകാരികമായ മുൻകൈ എപ്പോഴും പുരുഷൻ്റെ കൈകളിലാണ്, അവരുടെ നിയമപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ മായ പദവികൾ കൂടാതെ തന്നെ.

ഉന്തുലുസി കവയത്രി യായ 'വലാദ ബിൻത് അൽ മുസ്തക്ഫി' താൻ പ്രണയത്തിലാണെന്ന് പ്രഖ്യാപിച്ച് കൊണ്ടും സകല ധൈര്യത്തോടു കൂടി അവളുടെ പ്രണയലേഖനങ്ങൾ വെളിപ്പെടുത്തിയതുപോലെയും നമ്മുടെ

കാവ്യചരിത്രത്തിലെ ചില സ്ത്രീകൾ ഈ കുത്തക തകർത്തുവെന്നത് ശരിയാണ്.

എന്നിരുന്നാലും, പൊതുവെ സ്ത്രീകളുടെ ശൃംഗാരം മടിയും ലജ്ജയും കലർന്നതോ സമൂഹത്തിൻ്റെ ശാപവാക്കുകളെയും ഗോത്രത്തിൻ്റെ കഠാരകളേയും ഭയപ്പെട്ടുകൊണ്ടോ ആ യിരുന്നു.

ലോകത്തോട് ആധുനികതയുടെയും സാംസ്കാരികവും നാഗരികതയുടേതുമായ എല്ലാ പ്രകടഭാവങ്ങളുമുണ്ടായിരുന്നിട്ടും, അറബ് സമൂഹം, ഇപ്പോഴും പ്രണയിക്കുന്ന സ്ത്രീക്ക് ഒരു "വീറ്റോ" നൽകുകയും,അവളെ പൊതു മാന്യതക്കേൽക്കു പോറലേൽക്കുന്ന രീതിയിലും ദേശീയ സുരക്ഷഭീഷണിയുയർത്തുന്നതുമായ പ്രണയസംസാരങ്ങളിലേർപ്പെടുന്ന അനിയന്ത്രിതമായ സ്ത്രീയായി കണക്കാക്കുന്നു

ഞാൻ ഇവിടെ ചോദിക്കാൻ ആഗ്രഹിക്കുന്ന ചോദ്യം ഇതാണ്:

ദേശീയ സുരക്ഷയും ഒരു സ്ത്രീയുടെ ഹൃദയവും അവളുടെ ആഗ്രഹങ്ങളും അവളുടെ സ്വപ്നങ്ങളും അവളുടെ സ്വാഭാവികവും നിയമാനുസൃതവുമായ സ്ത്രീ വികാരങ്ങളുംതമ്മിലുള്ള ബന്ധം എന്താണ്?

വീണ്ടും ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നു: എന്തുകൊണ്ടാണ് പ്രണയത്തിലായ ഒരാൾ രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകാത്തത്, അവൻ എഴുതുന്ന പ്രണയകവിതകൾ സമാധാനത്തിനും സാമൂഹിക സുരക്ഷയ്ക്കും ഭീഷണിയാകുന്നില്ല?

നമ്മുടെ രാഷ്ട്രീയ വ്യവസ്ഥകളുടെ അടിസ്ഥാനമായ ജനാധിപത്യത്തിൽ നമ്മൾ വിശ്വസിക്കുന്നുവെങ്കിൽ, എന്തുകൊണ്ട് നമ്മുടെ വൈകാരിക ബന്ധങ്ങളിലും ജനാധിപത്യം പ്രയോഗിക്കുന്നില്ല?

എന്തുകൊണ്ടാണ് ഒരു പ്രണയിക്കുന്ന പെണ്ണിനും ആണിനും ഇടയിൽ ലിംഗ വിവേചനത്തിൻ്റെ തത്വം നമ്മൾ പ്രയോഗിക്കുന്നത്?

ഇതാ ഇവ പ്രണയകവിതകളാണ്, അതിലൂടെ ഞാൻ ഒരു വൈകാരിക ജനാധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നു, അതിൽ പുരുഷന്മാരും സ്ത്രീകളും വെളിപാടിൻ്റെ സ്വാതന്ത്ര്യത്തിൽ തുല്യരാണ്, അങ്ങനെ പുരുഷന്മാർ മാത്രം ലൈംഗിക വ്യവഹാരത്തിൻ്റെ

വാക്ചാതുര്യം കുത്തകയാക്കരുത്. പുരുഷൻ രാവും പകലും കൊട്ടി കളിക്കുന്ന പ്രണയത്തിന്റെ ചെണ്ടമേളത്തിൻറെ കേൾവിക്കാരിയായി സ്ത്രീ അവശേഷിക്കുന്നില്ല.

വർഷങ്ങളോളം പറയാൻ കൊതിച്ച സങ്കടകരമായ വൈകാരിക വാർത്തമാനങ്ങൾ ഉണ്ട് ഓരോ പെണ്ണിനും.

അതിനാൽ അവളുടെ ഉള്ളിലെ നീരുറവകൾ പൊട്ടിത്തെറിക്കാനും അവളുടെ നെഞ്ചിൽ കുടുങ്ങിയ ആയിരക്കണക്കിന് പക്ഷികളെ മോചിപ്പിക്കാനും അവളെ അനുവദിക്കുക.

അവളുടെ വായിൽ നിന്ന് പൂട്ടുകൾ നീക്കം ചെയ്യാനും അവൾ ഇഷ്ടപ്പെടുന്ന പുരുഷനോട് "ഞാൻ നിന്നെ സ്നേഹിക്കുന്നു." എന്ന് പറയാനും അനുവദിക്കുക: തെരുവിൽ ഒരു കോഴിയെ പോലെ അറുക്കാതെ.

ചരിത്രത്തിൽ ഒരിക്കലെങ്കിലും സ്നേഹത്തിൽ സമത്വമറിയാനും സ്വാതന്ത്ര്യത്തിൻ്റെ ഗന്ധം ശ്വസിക്കാനും അവളെ അനുവദിക്കുക.

**സുആദ് മുഹമ്മദ് അൽ സബാഹ്**

# പ്രണയ ലിഖിതങ്ങൾ
## (1)

ഒരു മറുപടി പോലും പ്രതീക്ഷിക്കാതെ
ഇതാ ഈ കത്ത് നിനക്ക് ഞാൻ എഴുതുന്നു.

നിന്റെ മറുപടി അല്ല പ്രസക്തം.
ഞാൻ എന്തെഴുതുന്നോ എന്നതാണ്.
എൻ്റെ എഴുത്ത് നിന്നോടുള്ള
എന്റെ ആത്മഭാഷണമാണ്.

ഈ കത്തിലൂടെ
നിന്നെ അരികിലെത്തിക്കാൻ എനിക്കാകും .
നീഎൻ്റെ അരികിലില്ലെങ്കിലും എനിക്ക് നിന്നെ
തൊട്ടുനോക്കാനും കഴിയും.

ഞാനൊരു സാങ്കല്പിക സ്ത്രീയാണെന്ന് നീ കരുതരുത്.
ഒരു സൂഫി,
അല്ലെങ്കിൽ വികാരങ്ങൾ ഉറച്ചു പോയവളാണെന്ന്.

എൻ്റെ എഴുത്ത് പേപ്പറിൽ ഞാൻ എനിക്കിഷ്ടമുള്ളതു
പോലെ നിന്റെ മുഖം  വരയ്ക്കും .
എനിക്കിഷ്ടമുള്ളതു പോലെ മായ്ച്ചെഴുതും.
എനിക്കിഷ്ടമുള്ള സമയത്ത് ഞാനതിനോട്
ശൃംഗരിക്കുകയും ചെയ്യും.

എനിക്കെഴുതണം...
എന്റെ ആന്തരിക വേലിയേറ്റങ്ങളിൽ നിന്ന്
രക്ഷപെടാൻ..
എന്നിലെ എല്ലാ അണക്കെട്ടുകളും
വേലിയേറ്റത്താൽ തകർക്കപ്പെട്ടിരിക്കുന്നു.

എനിക്ക് മുക്തമാകണം
എൻ്റെ ഞരമ്പുകളെ എരിക്കുന്ന ഈ
വൈദ്യുതി പ്രവാഹത്തിൽ നിന്നും.

പുറത്തുപോകാൻ
ഒരിടവും കാണാതെ എന്റെ സിരകളിലൂടെ പായുന്ന
ഈ മിന്നൽപിണരുകളിൽ നിന്നും.

എനിക്കെഴുതണം
നീ ഉദ്ദേശിക്കുന്ന പോലെ നിന്റെ നാർസിസത്തെ
തൃപ്തിപ്പെടുത്താനല്ല,
പിന്നെയോ....
ഒരു പ്രണയിനിയായി ഞാൻ പിറവികൊണ്ട എന്റെ
ഈ  ജന്മത്തെ
ആഘോഷിക്കാൻ  മാത്രം..... –ഒരു പക്ഷെ
ആദ്യമായിട്ടാകാം–

ഈ ലോകത്തിന് മുന്നിൽ എൻ്റെ
വൈകാരിക വിസ്ഫോടനം നടത്താനും.

തീർച്ചയായും എഴുത്ത്
എനിക്ക് കൃത്രിമ പറുദീസകൾ നിർമ്മിച്ചു നൽകുന്നു.
എന്നാൽ
എനിക്കതിലേക്ക് കയറാനാകുന്നില്ല

എഴുത്ത് എനിക്ക് സ്വാതന്ത്ര്യം നൽകുന്നു.
പക്ഷേ ഈ സ്വാതന്ത്ര്യം എനിക്ക് പ്രയോഗിക്കാൻ
കഴിയുന്നില്ല.
എഴുത്ത്
എനിക്ക് ആകാശനീലിമയില്ലാത്ത ദ്വീപുകളെ
സൃഷ്ടിക്കുന്നു
എനിക്കതിലേക്ക് യാത്ര ചെയ്യാൻ കഴിയുന്നില്ല.

നിനക്കുള്ള എൻ്റെ എഴുത്ത്
എന്നെ വിസ്ഫോടനങ്ങളിൽ നിന്നും സംരക്ഷിക്കുന്ന
സുരക്ഷാകവചമാണ്.
കൊടുങ്കാറ്റ് എന്നെ വിഴുങ്ങുമ്പോൾ ഞാൻ കയറുന്ന
ഒരേ ഒരു വാഹനവും.

കൊളോണിയലിസം സൃഷ്ടിച്ചതും ഇതുവരെയും പുറത്തു
പോകാത്തതുമായ എൻ്റെ സ്ത്രീത്വത്തിൻ്റെ ഓരോ ഇഞ്ചും
പ്രതിരോധിക്കാൻ എനിക്കെഴുതണം.

മധ്യകാല കോട്ടകൾ പോലെ...
വിലക്കപ്പെട്ട നഗരങ്ങളുടെ ഭിത്തികൾ പോലെ
അന്വേഷണ കോടതികളുടെ ഗില്ലറ്റിനുകൾ പോലെ
എനിക്ക് തകർക്കാൻ കഴിയാത്തതിനെ
തകർക്കാനുള്ള എൻ്റെ മാർഗ്ഗമാണ് എഴുത്ത്.

എനിക്കെഴുതണം,

അവർ എന്റെ ചിന്തകൾക്ക് ചുറ്റും വരച്ച ആയിരം
കളങ്ങളിൽ നിന്നും വൃത്തങ്ങളിൽ നിന്നും മുക്തമാകാൻ.

എല്ലാ നദികളെയും ചിന്തകളെയും  വിഷലിപ്തമാക്കിയയ
മലിനീകരണത്തിൻ്റെ വലയത്തിൽ നിന്നും
പുറത്തുകടക്കാൻ.

ആയിരം പുസ്തകങ്ങളെയും ആയിരം സംസ്കാര
സമ്പന്നരേയും ഇല്ലാതാക്കാൻ.

ഞാൻ നിനക്കെഴുതുന്നു.
അല്ലെങ്കിൽ നീയല്ലാതെ മറ്റൊരാൾക്ക്...
അതുമല്ലെങ്കിൽ
ഏതെങ്കിലുമൊരാൾക്ക്.
മറ്റുള്ളവരോട്
എനിക്ക്  പറയാൻ കഴിയാത്തത്
എൻ്റെ കടലസുകഷ്ണങ്ങളോടെനിക്ക് പറയണം.
മറ്റുള്ളവർ പതിനഞ്ചു വർഷത്തോളമായി
സ്ത്രീത്വത്തിനെതിരെ ഗൂഢാലോചന നടത്തിവരുന്നു.
ആകാശത്തിൻ്റെ മാംസത്തിൽ എനിക്കൊരു
ദ്വാരമുണ്ടാക്കണം.

ഞാൻ താമസിക്കുന്ന നഗരം പൂവൻ കോഴികളുടെ
കൂകലിലും
കുതിരകളുടെ ശബ്ദത്തിലും
പോർക്കാളകളുടെ കിതപ്പിലുമല്ലാതെ
സന്തോഷിക്കുന്നില്ല .

എനിക്കെഴുതണം.
എൻ്റെ മുഖംമൂടികളിൽ നിന്നും...

എന്റെ ഉമ്മയുടെ മാറിടങ്ങൾ രൂപപ്പെടാൻ തുടങ്ങിയ
കാലം മുതൽ,
അവർ ചുമന്നിരുന്ന
ചീസിന്റെയും ഒലിവിന്റെയും  കെട്ടുകളിൽ നിന്നും ഒരല്പം
വിശ്രമിക്കാൻ...

എന്റെ വായിലെ കല്ലുകളെ നിക്ക്  തുപ്പിക്കളയണം.

നിങ്ങളോടുള്ള എന്റെ അന്ധമായ സ്നേഹം
ന്യായയുക്തമല്ല.
നിങ്ങളുടെ രഹസ്യം
എൻ്റെ ഗർഭപാത്രത്തിലെ  കുട്ടിയെപ്പോലെ
പതിനഞ്ച് നൂറ്റാണ്ടുകളോളം സംരക്ഷിക്കപ്പെടട്ടെ.

ഞാൻ എടുത്തുചാട്ടക്കാരിയോ പക്ഷപാതിയോ
അപരിഷ്കൃതമായ അക്ഷരങ്ങളോ ഉള്ളവളാണെങ്കിൽ
എന്നെ കുറ്റപ്പെടുത്തരുത്.

പുരുഷന്മാരെ സംബന്ധിച്ചിടത്തോളം എഴുത്ത്
മീൻപിടുത്തം പോലെയോ പുകവലി പോലെയോ
ദൈനംദിന പ്രവൃത്തിയാണ്.

എന്നാൽ സ്ത്രീ..
ഒരു കുട്ടിക്ക് ജന്മം നൽകുന്ന അതേ രീതിയിലും
കുഞ്ഞിന് പാലൂട്ടുന്ന അതേ ആവേശത്തിലും എഴുതുന്നു.
പുരുഷൻ തന്റെ ഒഴിവുസമയങ്ങളിൽ എഴുതുന്നുവെങ്കിൽ
സ്ത്രീ അവളുടെ ഫലഭൂയിഷ്ഠമായ ദിവസങ്ങളിലും
മിന്നൽപ്പിണറുകൾക്കിടയിലും
ഉഷ്ണദിനങ്ങളിലും എഴുതുന്നു.

ഒരു പെൺ കുതിരയെ പോലെ ഞാനെന്റെ
പേപ്പറുകൾക്ക് മുകളിൽ ചിനാക്കും.
ചുവന്ന ആപ്പിൾ കടിച്ചു മുറിക്കുന്നത് പോലെ ഉരുണ്ട
ഭൂമിയെ തിന്നു തീർക്കും

# പ്രണയ ലിഖിതങ്ങൾ
# (2)

എന്നിലെ സ്ത്രീത്വം
നിന്റെ കരങ്ങളാൽ രൂപപ്പെടുന്നു....
ഏപ്രിൽ മാസം രൂപപ്പെടുന്നത് പോലെ... തരുവായി...
കിളിയായി...
ഗ്രാമ്പൂ മണികളായി.... അങ്ങനെ അങ്ങനെ...

നീ എന്നെ അത്യധികം ഇഷ്ടപ്പെടുമ്പോൾ, അത്യധികം
പ്രാധാന്യം കൽപ്പിക്കുമ്പോൾ  എന്റെ വനങ്ങൾ
ഇലകളാൽ നിബിഡമാകുന്നു...
എന്റെ കുന്നുകൾക്ക് ഉയരം കൂടുന്നു
എന്റെ ചുണ്ടുകൾക്ക് കനം വർദ്ധിക്കുന്നു.
എന്റെ കവിതകൾ ഭ്രാന്തമാകുന്നു.

നിന്റ കരങ്ങളാൽ ആദ്യമായി ഞാനെന്റെ
ശരീരത്തിന്റെ ഭൂപ്രകൃതി കണ്ടെത്തുന്നു. കുന്നുകളായി....
അരുവികളായി...
മേഘങ്ങളായി....
മേടകളായി...

ഞാൻ നിനക്കുള്ള നഗരമാണ്..
ബദാമും പീച്ച് പഴങ്ങളും  ആപ്പിളുകളും നിറഞ്ഞത് .

ഞാൻ നിൻറെ നഗരമാണ്
എൻ്റെ പ്രദേശങ്ങളിലെ എല്ലാ
വൈവിധ്യങ്ങളോടുകൂടിയും
എൻ്റെ പഴങ്ങളുടെ സർവ്വ മാധുര്യങ്ങളോടുകൂടിയും.

ഞാൻ നിന്റെ നഗരമാണ്.

എൻ്റെ അന്തരാളങ്ങളിൽ വളർന്നുവരുന്ന എല്ലാ
ഗോതമ്പുമണികളോട്ടുകൂടിയും
എന്റെ ഉൾക്കടലിൽ തെളിയുന്ന എല്ലാ അമൂല്യമായ
മുത്തുകളോട്ടു കൂടിയും

എൻറെ സ്ത്രീത്വം നിൻറെ കരങ്ങളാൽ രൂപപ്പെടുന്നു
മഴവില്ല് പോലെ  പച്ചയായും നീലയായും ഓറഞ്ച്
നിറമായും.....
നീ എന്നെ വരച്ചു തീരുമ്പോൾ നിന്റെ
ചുണ്ടുകൾക്കിടയിലൂടെ ഞാൻ പുറത്തു വരുന്നു  നനഞ്ഞ
റോസ് പോലെ...
മൃദുലമായ കവിത പോലെ..

നിന്റെ കരങ്ങളാൽ ഞാൻ നാഗരികതയുടെ
വൃത്തത്തിലേക്ക് പ്രവേശിക്കുന്നു.
ഞാൻ നിൻറെ ആർദ്രമായ തലയണകൾക്കുമേൽ
ടർക്കിഷ് ഓമനപ്പൂച്ചയെപ്പോലെ വളരും.

പകലേറെയും അത് ഉറങ്ങും.
രാത്രി മുഴുവനും നിന്റെ കര വലയങ്ങൾക്കുള്ളിൽ
ഒളിച്ചിരിക്കും.
മറ്റു പൂച്ചകളുമായി പ്രണയബന്ധങ്ങളിലേർപ്പെട്ടാലോ
എന്ന ഭയത്താൽ
നിന്നെ പുറത്തിറങ്ങാനവൾ
വിസമ്മതിക്കും.
അങ്ങനെയായാൽ അവളുടെ രാജ വംശവും
നീലരക്തവും നഷ്ടപ്പെടും.നിന്റെ കൂടെ ജീവിക്കാനുള്ള
അവകാശവും..

# പ്രണയ ലിഖിതങ്ങൾ
# (3)

നിന്റെ ശബ്ദം മഴയുടെ ശബ്ദത്തെ എന്നെ
ഓർമിപ്പിക്കുന്നു.

നിന്റെ ചാരനിറമുള്ള കണ്ണുകൾ സെപ്റ്റംബറിലെ
ആകാശത്തെ ഓർമ്മിപ്പിക്കുന്നു.

നിന്റെ ദുഃഖങ്ങൾ നാടു കടത്തപ്പെട്ട പക്ഷികളുടെ
സങ്കടം ഓർമ്മിപ്പിക്കുന്നു.

നിന്റെ മുഖം എന്നെ കുട്ടിക്കാലത്തെ സുകൃതങ്ങളെ
ഓർമിപ്പിക്കുന്നു.

നിന്റെ ഗന്ധം റോമൻ ഭക്ഷണശാലയിലെ കാപ്പിയെ
ഓർമ്മിപ്പിക്കുന്നു

പ്രിയപ്പെട്ടവനേ,
നിനക്ക് വേണ്ടി
എനിക്കെന്തു ചെയ്യാൻ കഴിയും
കടലുപ്പിനാൽ ചുണ്ടുകൾ പിളർന്നു പോയവനെ....
കടൽ കൊള്ളക്കാർ നിന്നെ പിന്തുടരുകയും നിന്റെ
ശരീരം ഭൂഖണ്ഡങ്ങളിലാകെ ചിന്നിച്ചിതറുകയും
ചെയ്തിരിക്കുന്നു.

വിഭിന്നങ്ങളായ സ്ഥലങ്ങളിലൂടെ യുള്ള
യാത്രക്കാരാ...
കറുത്ത മഷിയുടെ തിരമാലയിൽ മുങ്ങിച്ചത്തവനെ....
എഴുത്തു പേപ്പറിൽ കുരിശലേറ്റപ്പെട്ടവനെ...

മൂന്നാം ലോക സ്വേച്ഛാധിപതികൾ  ജീവനോടെയോ
അല്ലാതെയോ തേടി നടക്കുന്നവനെ
നിനക്ക് വേണ്ടി എനിക്ക് എന്തു ചെയ്യാൻ കഴിയും....

നിന്റെ തുറന്ന കുപ്പായതിനുള്ളിലേക്ക് എനിക്ക്
കയറണം. അതിനുള്ളിലെ മുറിവിലേക്കും...
നിന്റെ പരിഭ്രാന്തിയുടെയും തലകറക്കത്തിന്റെയും
ഭാഗമാകാൻ....
നിന്റെ സുന്ദരമായ മരണത്തിന്റെയും..

ഭ്രാന്തിന്റേയും വെല്ലുവിളികളുടേയും സ്ത്രീത്വത്തിന്റേയും
ഏതറ്റം വരെയും....ഞാൻ  നിന്റെ കൂടെ വരും.

തുറമുഖങ്ങളറിയാത്ത, ദ്വീപുകളറിയാത്ത, എവിടെയും
നങ്കുരമിടാത്ത,
നിന്റെ കപ്പലിൽ
എനിക്ക് കയറണം.

കൊടുങ്കാറ്റ് ആഞ്ഞടിക്കുമ്പോൾ എന്റെ നെഞ്ചിൻ
കൂട്ടിൽ നിന്നെ ഞാൻ ഒളിപ്പിച്ചു വെക്കും.
ഒന്നുകിൽ ഞാൻ നിനക്കൊപ്പം രക്ഷപ്പെടും.
അല്ലെങ്കിൽ നിന്റെ കൂടെ മുങ്ങിച്ചാകും.

# പ്രണയ ലിഖിതങ്ങൾ

# (4)

ഞാൻ എന്നോട് തന്നെ ചോദിച്ച കൊണ്ടേയിരിക്കുന്നു.
ഉത്തരമില്ലാത്ത
ബാലിശമായ ചോദ്യങ്ങൾ.
ഞാൻ നിൻറെ പ്രണയിനിയാണോ..?
അതോ ഉമ്മയാണോ.? അടിമയാണോ?
ഉടമയാണോ?
ഞാൻ ഞാനാണോ..? അതോ....ഞാൻ നീയോ?

എന്നിലെ മാതൃത്വം മറ്റെല്ലാ വികാരങ്ങളെയും അതി
ജയിക്കുന്നു ....
എന്നിട്ടും എനിക്കെന്തിനാണ് ഇത്ര ഭയപ്പാടുകൾ !
നീ റോഡിലേക്ക് ഇറങ്ങുമ്പോൾ എന്റെ കരങ്ങൾ
യാന്ത്രികമായി നിന്റെ കഴുത്തിലൂടെ കമ്പിളി
പുതപ്പിക്കുന്നു.
നിന്റെ തുകൽ കോട്ടിന്റെ  കുടുക്കിടുന്നു.

എന്തിനായിരിക്കും ഞാൻ "ഹാനൽ ഹലീലി"യിലേക്ക്
പോകുമ്പോഴെല്ലാം നിനക്കായി എല്ലാ ഫറോവൻ
മന്ത്രങ്ങളും വാങ്ങിക്കൂട്ടുന്നത് ....!

ശൈത്യ കാലത്തിൻറെ കഠിനമായ തണുപ്പിൽ നിന്നും,
നീലക്കണ്ണുകളുടെ മഞ്ഞുവീഴ്ചകളിൽ നിന്നും നിങ്ങളെ
തടയുന്ന
എല്ലാ ജനപ്രിയ മൂട് പടങ്ങളും...!?

നിന്നോടുള്ള എന്റെ മാതൃത്വമെന്ന വികാരം എന്നെ
എന്റെ ഗാംഭീര്യത്തിന് നിരക്കാത്ത  വിഡ്ഢിത്തങ്ങൾ
ചെയ്യാൻ പ്രേരിപ്പിക്കുന്നു...

ചില ശോഭന നിമിഷങ്ങളിൽ നിന്റെ നഖം വെട്ടാൻ
എനിക്ക് തോന്നുന്നു.
ചില മതിഭ്രമത്തിന്റെ നിമിഷങ്ങളിൽ നിന്റെ മുടി
ഉണക്കാനും.......
നീ എന്റെ കൈകളിൽ ഒരു പ്രാവിനെ പോലെ
വീണൊതുങ്ങുന്നു.

ചില സന്തോഷ നിമിഷങ്ങളിൽ ഞാൻ നിനക്ക് കേശ
തൈലം പുരട്ടിക്കൊണ്ട് നീയൊരു
ചക്രവർത്തിയാണെന്ന തോന്നൽ നൽകുന്നു.

നിന്റെ മുഖത്ത് ഷേവിങ് സോപ്പ്
പൊതിഞ്ഞിരിക്കുമ്പോൾ,
നിന്നെ ചുംബിക്കാനെനിക്ക് തോന്നാറുണ്ട്.
യഥാതഥ സോഷ്യലിസത്തിന്റെ നിമിഷങ്ങളിൽ
ഞാൻ നിന്റെ ബ്രഷ് ഉപയോഗിക്കാറുണ്ട്.
എന്റെ വായ നിന്റെ വായ തന്നെയാണ്.
ഒരേ സഹകരണ കൃഷിയിടം എന്ന്
നിന്നെ ബോധ്യപ്പെടുത്താൻ അല്ലെങ്കിൽ നിനക്ക്
തോന്നലുണ്ടാക്കാൻ

അല്ലയോ ചെറിയ ഏകാധിപതി .....
എന്റെ വാത്സല്യത്തെയും എൻ്റെ ദുർബല
നിമിഷങ്ങളെയും ബുദ്ധിയോടെ
ഉപയോഗിക്കുന്നവനെ...
വേദനിപ്പിക്കുന്നതിലൂടെ ആനന്ദം
കണ്ടെത്തുന്നവനെ....
ഒരു പട്ടം പറത്തി കളിക്കുന്നത് പോലെ എന്റെ
ഞരമ്പുകളിൽ കളിക്കുന്നവനെ....

അല്ലയോ അരാജകത്വമുള്ള കുട്ടി ...
നീ എന്നെ ഒരുപാട് പീഡിപ്പിക്കുകയും ഒരുപാട്
സന്തോഷിപ്പിക്കുകയും ചെയ്തിരിക്കുന്നു .
പക്ഷേ ഞാൻ നിന്നെ ഒരിക്കലും ശിക്ഷിക്കുകയില്ല .

നീ പൊട്ടിച്ചെറിഞ്ഞ പാത്രങ്ങൾ ....
നീ കത്തിച്ച തിരശ്ശീലകൾ....
നീ കഴുത്തു ഞെരിച്ചു കൊന്ന വീട്ടിലെ പൂച്ച...
അങ്ങനെ എന്തെല്ലാം...

എന്റെ ജീവിതത്തിൽ
നീയുണ്ടാക്കിയ ഈ മനോഹരമായ
നാശക്കെടുതികളിൽ നിന്നെ ഞാൻ കുറ്റപ്പെടുത്തുന്നില്ല.
പക്ഷേ ഞാൻ എൻ്റെ മാതൃത്വത്തെ കുറ്റപ്പെടുത്തുന്നു.

# പ്രണയ ലിഖിതങ്ങൾ

# (5)

ഞാൻ നിന്നെ ശിക്ഷിക്കാൻ  തീരുമാനിച്ചപ്പോൾ ഞാൻ

തനിച്ച് പാരീസിലേക്ക് പോയി.

പക്ഷേ ഞാൻ അറിയുന്നില്ലായിരുന്നു ഞാൻ എന്നെ
തന്നെയാണ് ശിക്ഷിക്കുന്നതെന്ന്.
എൻ്റെ ജീവിതത്തിലെ ഏറ്റവും വലിയ
വിഡ്ഢിത്തമാണ് ചെയ്യുന്നതെന്നും . ഞാൻ തനിച്ചു
ചെന്നാൽ
പാരീസ് എന്നെ  നിരസിക്കുമെന്ന് ഞാൻ
അറിഞ്ഞിരുന്നില്ല. വഴിവിളക്കുകളും ന്യൂസ് പേപ്പർ
സ്റ്റാളുകളും
പൊതു പാർക്കുകളിലെ പ്രതിമകളും എന്നെ
പരിഹസിക്കുന്നു.
എന്നെ നാടുകടത്താൻ പാരീസ് മുൻസിപ്പാലിറ്റി
ആവശ്യപ്പെടുന്നു .
കാരണം ഞാൻ പാരീസ്  ഭരണഘടനയുടെ തത്വങ്ങൾ
ലംഘിച്ചിരിക്കുന്നു.

മനോഹരമായ പാരിസിന്റെ  വസ്തുവിദ്യ
തനിച്ചു അത്താഴം കഴിക്കുന്ന പെണ്ണിനേയും
ഒറ്റയ്ക്ക്  വിടരുന്ന പൂവിനേയും
ഒറ്റയ്ക്ക് പെയ്യുന്ന മേഘങ്ങളെയും
സ്വീകരിക്കുന്നില്ല .

പാരീസ്.....രണ്ടാളുകൾ ഒരുമിച്ചു വായിക്കുന്ന
ഒരു  വാദ്യോപകരണമാണ്.

ഒരു ആണും ഒരു പെണ്ണും
എഴുതിയ മനോഹരമായ കവിതയാണ്.

എന്തുകൊണ്ടാണ് ഞാൻപാരീസിൽ
പ്രവേശിക്കുന്നതിന് മുമ്പ് ...
അതിന്റെ ചരിത്രം വായിക്കാതിരുന്നത്.

എന്തുകൊണ്ടാണ് എനിക്ക് അതിൻ്റെ വാസ്തുവിദ്യ
മനസ്സിലാകാത്തത്?
അതിൻന്റെ വൈകാരിക വാസ്തുവിദ്യ?
എന്തുകൊണ്ടെനിക്ക് മനസ്സിലായില്ല....
അതിന്റെ ഓരോ തെരുവിലും
പ്രണയത്തിന്റെ കല്ലുകൾ പാകിയതാണോ....എന്ന്
അതിന്റെ പൂന്തോട്ടത്തിലെ എല്ലാ തുലിപ്പുകളും ഒരു
പ്രണയലേഖനമാണോ?

അവിടെത്തെ ഓരോ പ്രതിമകളും
പ്രണയാതുരമായ കരങ്ങളാൽ
കൊത്തിമിനുക്കിയതാണോ..?
അതിന്റെ മുൻഭാഗങ്ങളിൽ തൂക്കിയിരിക്കുന്ന എല്ലാ
വസ്ത്രങ്ങളും
പ്രണയത്തിനായി രൂപകൽപ്പന ചെയ്തതാണോ?
ലോകത്തിന് പ്രണയത്തിന്റെ ആദ്യപാഠങ്ങൾ
സമ്മാനിച്ച നൽകിയ ഈ പൗരാണിക നഗരത്തിന്റെ
പാരമ്പര്യങ്ങളെ ഞാൻ എന്തുകൊണ്ട് മാനിച്ചില്ല..!
എന്തുകൊണ്ടാണ് ഞാനതിന്റെ  ഒത്തൊരുമയെ
അതിക്രമിച്ചത്....
മഹത്തായ കച്ചേരിയിലെ അപശ്രുതിയായി  ഞാൻ....

പാരീസ് കാണാൻ ഞാൻ എൻ്റെ ജാലകത്തിന്റെ
കർട്ടൻ തുറന്നു

പക്ഷെ എനിക്കത് കാണാൻ കഴിഞ്ഞില്ല .
ഇതാണോ നമ്മളൊരുമിച്ച അറിഞ്ഞിരുന്ന പാരീസ്?
അതോ ഇത് ബംഗ്ലാദേശാണോ??
ഇതാണോ പ്ലേസ് വെന്റേം....

അതോ ഇതാണോ എന്റെ വധശിക്ഷ?
ഇവ കോൺകോർഡ് സ്ക്വയറിന്റെ
ജലധാരകളാണോ?
അതോ ഇത് എന്റെ കണ്ണുനീരാണോ?

ഇതാണോ മഹത്തായ ആർക്ക് ഡി ട്രയോംഫ്?
അതോ ഇതാണോ എൻ്റെ തോൽവിയുടെ വില്ല്?...

എന്റെ ഓർമ്മ പുതുക്കാൻ ഞാൻ
ബാൽക്കണിയിലേക്ക് പോകുന്നു....
ഇതാണോ എലുവാർഡ് നഗരം..?
ഇതാണോ ..അരാ ഗോന്നും??

ഒപ്പം ബോഡ്ലെയറും റിംബോഡും...??
അതോ ഇത് ഹിരോഷിമ ആണോ??
ഇതാണോ ഞാൻ നിനക്കൊപ്പം യാത്ര ചെയ്ത
പാരീസ്..???
ലൈബ്രറികൾ തോറും..
മ്യൂസിയങ്ങൾ തോറും...
തിയേറ്ററുകൾ തോറും....

നിങ്ങളുടെ കൈകളാൽ
എന്റെ സ്ത്രീത്വത്തിന്റെ അളവുകളും
സ്വാതന്ത്ര്യത്തിന്റെ മാനങ്ങളും...കണ്ടെത്താൻ പഠിച്ച
പാരീസാണോ ഇത്....??

എന്റെ പാരീസ് യാത്രയുടെ വിശദാംശങ്ങൾ എന്നോട്
ചോദിക്കരുത്...
അതൊരു യാത്രയായിരുന്നില്ല.
ഇനിയൊട്ടു പോകുന്നുമില്ല.

ചാൾസ് ഡി ഗോൾ വിമാനത്താവളത്തിൽ നിന്ന്
ഹോട്ടലിലെ എന്റെ മുറിയിലേക്ക്.

പിന്നെ ഹോട്ടലിലെ എൻ്റെ മുറിയിൽ നിന്നും..
ചാൾസ് ഡി ഗോൾ എയർപോർട്ടിലേക്ക്...
പരാജയപ്പെട്ട യാത്രയുടെ പദ്ധാതിയാണിത്.

നീ എന്തുചെയ്തു..?
ഞാൻ ഒന്നും ചെയ്തില്ല .
പുതിയ വസ്ത്രങ്ങൾ വാങ്ങിയോ?
ഞാൻ ഒന്നും വാങ്ങിയില്ല.
നിങ്ങൾ പെർഫ്യൂം വാങ്ങിയോ?
ഞാൻ ഒന്നും വാങ്ങിയില്ല..

ശനിയാഴ്ച രാത്രി
നിങ്ങൾ ആരുടെ കൂടെയാണ്
അത്താഴംകഴിച്ചത്?

പ്രേതങ്ങളോടൊപ്പം.
നിങ്ങൾ ആരുടെ കൂടെയാണ് നൃത്തം ചെയ്തത്?
പ്രേതങ്ങളോടൊപ്പം...
അപ്പോൾ പിന്നെ വേറെ  എന്താണ് നിങ്ങൾ ചെയ്തത്?

ഞാൻ എന്നെത്തന്നെ ശപിച്ചു...
നിന്നെയും...
വോൾട്ടയറെയും.. റൂസോയെയും...
വിക്ടർ ഹ്യൂഗോയെയും...

ദൈവിക സ്നേഹത്തിൻ്റെ രക്തസാക്ഷിക്ക് വേണ്ടി
ഞാൻ  കണ്ണുനീർ പൊഴിച്ചു.

എൻ്റെ സുഹൃത്തേ.. മേരി ആൻ്റോനെറ്റ്...

ഞാൻ ബെൽ അടിച്ചു..
ഞാൻ ഒരാൾക്ക് അത്താഴം ഓർഡർ ചെയ്തു...
വെയിറ്റർ ദയനീയമായി എന്നെ നോക്കി
വളരെ മാന്യമായി,

ഗംഭീരമായ ഫ്രഞ്ച് ഭാഷയിൽ
എന്നോട് പറഞ്ഞു
മാഡം.....

നിങ്ങളുടേത് പോലെ കറുത്ത കണ്ണുകളുള്ള ഒരു സ്ത്രീ,
നമ്മുടെ നഗരത്തിൽ ഒറ്റയ്ക്ക് രാത്രി ഭക്ഷണം
കഴിക്കരുത്..
ഇത് പാരീസിന്റെ പൈതൃകത്തിന്റെ ഭാഗമല്ല.
അവളുടെ ധാർമ്മികതയുമല്ല.

അവൻ എൻ്റെ നേരെ വാതിൽ അടച്ചു.
നീണ്ട ഇടനാഴിയിലെ ഇരുട്ടിലേക്ക് അയാൾ മറഞ്ഞു.

ഞാൻ ഫ്രഞ്ച് ടെലിവിഷൻ കാണാൻ ശ്രമിച്ചു.
അവർ ബാസ്റ്റൈൽ ജയിൽ തകർത്തതിന്റെ ۲۰۰–ാം
വാർഷികം ആഘോഷിക്കുകയായിരുന്നു.

അപ്പോൾ...
ആരാണ് എൻ്റെ ജയിൽ നശിപ്പിക്കുക?...
ഈ വിറങ്ങലിച്ച മുറിയുടെ  മതിലുകളിൽ നിന്നും
ആരെന്നെ മോചിപ്പിക്കും...

വിരസതയുടെ കുപ്പിയിൽ നിന്ന് ആരാണ് എന്നെ
കരകയറ്റുക?

കട്ടിലിലേക്ക്  എറിയപ്പെട്ട പാരീസ് മാച്ച് മാസിക
എന്റെ ഏകാന്തതയെ തകർക്കാൻ ശ്രമിച്ച്
കൊണ്ടിരിക്കുന്നു..
ഏറെ പ്രിയത്തോടെ എന്നോട് സംസാരിക്കുന്നു.

എന്നാൽ ഞാൻ അതിനോട് ക്ഷമ ചോദിക്കുന്നു.

കാരണം ഞാൻ യാത്ര ചെയ്തു തളർന്നു കരയുന്നു...

ആറാം അവന്യുവിൽ..
ടെലിഫോൺ മുറികളിലൊക്കെയും നിന്നെ ഞാൻ
തേടിക്കൊണ്ടേയിരുന്നു
നിങ്ങളോട്ടു പറയാൻ...
നീ എൻ്റെ രാജാവാണെന്ന് ..
എൻ്റെ കാമുകൻ...
എന്റെ ദിവസങ്ങളിലെ സൂര്യൻ..
പക്ഷേ ഞാൻ പിൻവാങ്ങി.
അവസാനം വരെ ഞാൻ നിലവിളിക്കാൻ ശ്രമിച്ചു..
"ഞാൻ നിന്നെ സ്നേഹിക്കുന്നു." എന്ന്
അവസാനം വരെ  കരയാനും...
പക്ഷെ ഞാൻ പിന്മാറി.

നിന്നെ കൂട്ടാതെ ഞാൻ കഴിച്ചു കൂട്ടിയ വാരാന്ത്യ
അവധി,
എന്റെ മാംസത്തിൽ ഒരു കഠാരയായി മാറിയെന്ന്
ഞാൻ നിങ്ങളോട് പറയാൻ ശ്രമിച്ച് കൊണ്ടിരുന്നു..
എൻ്റെ നെറ്റിതടങ്ങളെ കുഴിക്കുന്ന വേദനയായും..

പക്ഷേ.. അത് നിന്റെ അഹങ്കാരത്തിനു മേൽ
അഹങ്കാരമാകുമോ എന്നും...
നിന്റെ നാർസിസത്തിനു മേൽ നാർസിസം ആകുമോ
എന്നും ഞാൻ ഭയപ്പെട്ടു.
നീ എന്നെ  സങ്കടങ്ങളുടെ കയറിൽ കൊരുത്തിട്ട്
പോകുമോയെന്നും..

എനിക്ക് നിന്നോട് ഫോണിൽ
സംസാരിക്കണമെന്നുണ്ടായിരുന്നു.
നിങ്ങളോടു പറയാൻ...
ആദ്യത്തെ നൈറ്റ് ഫ്ലൈറ്റ്ൽ തന്നെ പാരീസിലേക്ക്
വരാൻ
എന്നിട്ട് ഈ,
വിഷമഘട്ടത്തിൽ  നിന്ന് എന്നെ രക്ഷപ്പെടുത്താൻ ...
നീയില്ലാതെ ബാഗെറ്റ് ബ്രെഡ്ഞാൻ കഴിച്ചിട്ടില്ല.

നിങ്ങൾക്ക് ശേഷം "എക്സ്പ്രസ്സോ" കോഫി കുടിച്ചിട്ടില്ല.
നിങ്ങൾക്ക് ശേഷം "ലെ മോണ്ടെ" പത്രം വായിച്ചിട്ടില്ല.
കൂടാതെ, ഈഫൽ ടവറും... അതിന്റെ ശാരീരിക
ക്ഷമത നഷ്ടപ്പെട്ടിരിക്കുന്നു
അതു പുറം തിരിഞ്ഞു ...
നെപ്പോളിയൻ ബോണപാർട്ട് തന്റെ ബാഗുകൾ പായ്ക്ക്
ചെയ്തു.
അവൻ "Invalides" വിട്ടു.
അഞ്ചാം റിപ്പബ്ലിക് ഇനി അതിൻ്റെ പതാക
ഉയർത്തില്ല...

വേദന പോലും നഷ്ടപ്പെട്ടവളായി....
വേദനയോളം
നിന്നെയോർത്ത് നീറി ക്കൊണ്ട് ..
ഞാൻ പാരീസിൽ
തനിച്ചായിരുന്നെന്ന് എനിക്ക് നിന്നോട്
ഏറ്റുപറയണം..

പക്ഷെ നീയതിൽ ആഹ്ലാദിക്കുമോ എന്നും
എന്റെ ചാരത്തിൽ നീ നൃത്തം ചെയ്യുമോ എന്നും ഞാൻ
ഭയപ്പെട്ടു.

നിന്റെ ശബ്ദത്തിന്റെ വൃക്ഷത്തിൽ ഒളിച്ചിരിക്കാൻ ഞാൻ
ആഗ്രഹിച്ചു.
എന്റെ അസ്ഥിയെ തുളക്കുന്ന ഈ കൊടും തണുപ്പിൽ
നിന്നും ഒരുപക്ഷെ അതെന്നെ രക്ഷിക്കുമായിരിക്കും
..നിന്റെ ശിഖിരങ്ങളിൽ കയറി സ്വസ്ഥമാകാൻ ഞാൻ
ആഗ്രഹിച്ചു.
നീയില്ലാത്ത ഞാൻ.... ചിറകൊടിഞ്ഞൊരു
പക്ഷിയാണ്. മുങ്ങിക്കൊണ്ടിരിക്കുന്ന ബോട്ടും...
നിന്റെ നിസ്സംഗതയുടെ മഞ്ഞു കണങ്ങളിൽ
നീയെന്നെ കുഴിച്ചു മൂടുമോ എന്ന് ഞാൻ ഭയപ്പെട്ടു.
എന്നെ തൂക്കിലേറ്റുമോ എന്നും...

നിങ്ങളോടെനിക്ക് അറിയിക്കണമായിരുന്നു..
പാരീസിലെ ആകാശം നിങ്ങളുടെ കോട്ടുകൾക്ക്
മുകളിൽ മാത്രം മഴ പെയ്യുന്നുണ്ടെന്ന്.

മൊണാലിസ നിങ്ങൾക്ക് വേണ്ടി മാത്രമാണ്
പുഞ്ചിരിക്കുന്നതെന്ന്.
നിങ്ങൾ ലാറ്റിൻ ക്വാർട്ടറിലെ കഫേകളിൽ വരുമ്പോൾ
മാത്രമാണ് നോട്ടർ ഡാം പള്ളിയിലെ മണികൾ
മുഴങ്ങുന്നതെന്ന്.
ലൂവർ മ്യൂസിയവും

സെൻ്ററർ പോംപിഡോയും
നിങ്ങളുടെ സാന്നിധ്യം കൊണ്ടല്ലാതെ അത്
തിളങ്ങുന്നില്ല...

ഒരുപാട് രഹസ്യങ്ങൾ നിങ്ങളോട് വെളിപ്പെടുത്താൻ
ഞാൻ ആഗ്രഹിച്ചു.
പക്ഷേനീ എൻ്റെ ചിന്തകളെ പരിഹസിക്കുമോ എന്ന്
ഞാൻ ഭയപ്പെട്ടു.
എന്നെ തൂക്കിലേറ്റുമോ എന്നും...

ഫ്രഞ്ച് ചീസുകളെ ഒരു സിംഫണിയായി
രൂപപ്പെടുത്തിയ ആംസ്റ്റർഡാം സ്ട്രീറ്റിലെആ ചെറിയ
ഭക്ഷണശാലയിലേക്ക് എന്നെ ക്ഷണിക്കണ മെന്ന്
നിന്നോട് പറയാൻ ഞാൻ  ആഗ്രഹിച്ചു.
പക്ഷേ നീ എന്നെ ഇറക്കിവിടുമോ  എന്നും അത്താഴം
കഴിക്കാതെ ഉറങ്ങാൻ വിടുമോ എന്നും ഞാൻ ഭയന്നു.

എന്റെ യാത്രയിൽ ഞാൻ കണ്ടെത്തിയ ഏറ്റവും
അപകടകരമായ കാര്യം പാരീസ് നിങ്ങളുടെ
പക്ഷത്താ ണെന്നുള്ളതാണ്.
എൻ്റെ പക്ഷത്തല്ല.
പാരീസ് എന്നെ ഒറ്റയ്ക്ക് സ്വാഗതം ചെയ്യുന്നില്ല,
മനോഹരമായ പൂക്കൾ നൽകി വിമാനത്താവളത്തിൽ
എന്നെ സ്വീകരിക്കുന്നില്ല ...

എന്നെ ഹോട്ടലിൽ കാണാൻ വരുന്നില്ല, ഞാൻ
തനിയെ  വരുമ്പോൾ എന്നെ ക്ഷണിക്കുന്നുമില്ല.
പാരീസ് നമ്മളെ ഒരുമിച്ചു മാത്രമാണ്
സ്നേഹിക്കുന്നത്.

എന്റെ പ്രഭോ
ഇച്ഛകൾക്കനുസൃതമായി

എൻ്റെ വിധിയുമായി അമ്മാനമാട്ടുകയും എന്റെ യാത്രകളെ നിശ്ചയിക്കുകയും ചെയ്യുന്നവനേ.....

നിങ്ങളുടെ സർവ നിയമലംഘനങ്ങളും വൈകാരിക കുറ്റകൃത്യങ്ങളും അടങ്ങിയ പൂർണ്ണമായ ഫയൽ ഞാൻ പാരീസിലേക്ക് കൊണ്ടുപോയിരുന്നു.

എന്നാൽ പാരീസ് എൻ്റെ പേപ്പറുകൾ വലിച്ചുകീറി നിങ്ങളുടെ പക്ഷം ചേർന്നു

# പ്രണയ ലിഖിതങ്ങൾ

# (6)

നിലാവിന്റെ
ശിഖിരങ്ങളിൽ നിന്നും നിനക്കായ് ഒരു കവിത
പറിച്ചെടുക്കണമെനിക്ക്...പിന്നെ കവിതയുടെ ശാഖി
കളിൽ നിന്നും ഒരു പൗർ ണ്ണമിയെയും..
എനിക്ക് മുൻപ് ഒരു സ്ത്രീയുംകയറാത്ത ഇടങ്ങളിലേക്ക്
എനിക്ക് കയറണം.
എനിക്ക് മുൻപ് ഒരു അറബി സ്ത്രീയും പറഞ്ഞിട്ടില്ലാത്ത,
ഇനിയൊട്ടും പറയാത്ത  സ്നേഹത്തിന്റെ മധുര
ഭാഷണമേനിക്കോതണം.

മടക്കമില്ലാത്തൊരു നിമിഷം വരേയും ഞാൻ
നിനക്കൊപ്പമുണ്ടാകും..
അപവാദങ്ങളുടെ പെരുമഴയിലും കുടചൂടാതെ ഞാൻ
നിനക്കൊപ്പം നടന്നു നീങ്ങും.
ഭാഷയുടേയും എന്റെ രക്തത്തിന്റേയും അവസാന
തുള്ളിവരേയും ഞാൻ നിനക്കൊപ്പം
പൊയ്ക്കൊണ്ടിരിക്കും.  നിന്റെ പ്രണയിനിയാകാൻ
എനിക്ക് യോഗ്യത കിട്ടും വരേയും..

നിന്റെ തോളലിറങ്ങും വരെ
ആയിരം പ്രകാശ വർഷങ്ങൾ ഞാൻ
പറന്നുകൊണ്ടിരിക്കും...

നിന്റെ കരങ്ങളെ പുൽകുന്നത് വരെ
മുപ്പത്തി രണ്ടായിരം അടി ഉയരത്തിൽ ഞാൻ  വട്ടമിട്ടു
പറക്കും...

പാളം തെറ്റിയ ട്രെയിൻ പോലെ തകർന്നു
തരിപ്പണമായി ഞാൻ നിന്നിലേക്കെത്തിയാൽ
എന്റെ തകർന്ന ഭാഗങ്ങളെ നീ ചേർത്തൊട്ടിക്കണം....

സ്ത്രീത്വത്തിന്റെ പഴകിയ നിയമങ്ങൾ തച്ചുടച്ച
എനിക്കിഷ്ടമുള്ള സ്ത്രീത്വം ഞാൻ കണ്ടുപിടിക്കും...
എന്റെ കണ്ണുകളുടെ നിറവും ചുണ്ടുകളുടെ സ്ഥാനവും
ഞാൻ നിർണ്ണയിക്കും.
അന്തരത്തു ബ്നു ശദ്ദാദിന്റെ മേലങ്കിയിൽ നിന്നും
ഞാൻ പുറത്തിറങ്ങി,
നിങ്ങളുടെ മേലങ്കിയിൽപ്രവേശിക്കും.

ഒട്ടകരോമപ്പുതപ്പിൽ നിന്നും ഞാൻ ഇറങ്ങിയോടി
നിന്റെ നെഞ്ചിലെ പുൽമെത്തയിൽ ചേർന്നോട്ടും...

അന്ധവിശ്വാസത്തിന്റെ വയറ്റിൽ നിന്നും
ഗോത്രത്തലവന്റെ പല്ലുകളിൽ നിന്നും അറേബ്യൻ
കോഫീ കപ്പുകളിൽ നിന്നും ഞാൻ  പുറത്തിറങ്ങും.
എന്റെ പാദങ്ങളിൽ നിന്നും ബോധങ്ങളിൽ നിന്നും
ഇടുങ്ങിയ ചൈനീസ് ഷൂ ഞാൻ അഴിച്ചു വെക്കും.
സ്വാതന്ത്ര്യത്തിന്റെ ഏറ്റവും അവസാനം വരെ ഞാൻ
നിനക്കൊപ്പം സഞ്ചരിക്കും.

നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത
മനുഷ്യാ, കടലിനേയും യാത്ര ബാഗുകളേയും വിവാഹം
കഴിച്ച ജിപ്സിയേ...
വലതു കൈയ്യിൽ എന്നെ തളച്ചിട്ട് അതിന്റെ താക്കോൽ
കൂട്ടങ്ങൾ പോക്കറ്റിലിട്ടവനെ...
എനിക്ക് നല്ലപോലെ അറിയാം ഒരിക്കലും വരാത്ത
മനുഷ്യനെയും ജയിക്കാത്ത കുതിരയേയുമാണ് ഞാൻ
ചൂതാട്ടം നടത്തുന്നതെന്ന്

ഇതിഹാസങ്ങളെപ്പോലെ നിഗൂഢമായവനെ..
മെർകുറി പോലെ ചാഞ്ചാടുന്നവനെ..
നീ അവതാരമെടുത്താലും പ്രശ്നമില്ല, കാരണം ഞാൻ
നിന്നെ  പഴത്തിന്റെ കുരു പോലെ എൻ്റെ
സ്വപ്നങ്ങളിൽ ചവച്ചരച്ചതാണ്.

എൻ്റെ ഓർമ്മയുടെ ഭിത്തികളിൽ അതിന്റെ
മധുരമൊഴുകുന്നുണ്ട്.

നീ പ്രത്യക്ഷപ്പെട്ടാലും എനിക്കതൊട്ടും
പ്രശ്നമല്ല..
എന്റെ ഏകാന്തതയിൽ നിൻ്റെ കൈരേഖകൾ
ഞാൻ വായിക്കാറുണ്ട്
നിന്റെ പൗരുഷത്തിന്റെ ഗന്ധം ഞാൻ
ആസ്വദിക്കുമെന്നും
ഇരുപതു കുട്ടികൾക്ക് ജന്മം നൽകുമെന്നും
അങ്ങനെ ഞാൻ എന്റെ ഭാവി പ്രവചിക്കാറുണ്ട്.

എന്നെ ബാഷ്പീകരണത്തിന്റേയും
ജീർണ്ണതയുടെയും അവസ്ഥയിലേക്ക് എത്തിച്ചവനെ...
കടലിന്റെ സർവപക്ഷ പക്ഷപാതിത്വത്തോടുകൂടിയും
വിദ്ധ്വിത്തത്തോടുകൂടിയും ഞാൻ നിന്നെ സ്നേഹിക്കുന്നു.
എന്റെ പൊട്ടിത്തെറികളിൽ നീ പരിഭ്രാന്തനാകേണ്ട..
എന്നിലുള്ള ഏറ്റവും മോശമായ കാര്യം അത്
ഇടത്തരക്കാരി എന്നുള്ളതാണ് സ്നേഹത്തിന്റെ
ഇനങ്ങളിൽ ഏറ്റവും മോശമായതും ഇടത്തരം
സ്നേഹമാണ്.
കവിതകളിൽ ഏറ്റവും ഭീരുവായ കവിത എന്നാൽ
ഇടത്തരം  കവിതയാണ്.

ഹേ മനുഷ്യാ...
തന്റെ നാർസിസത്താലും  ബഹുസ്വരതയാലും
ക്ഷീണിതനായവനെ.. നിനക്കൊപ്പമുണ്ടകാൻ
എനിക്കൊരു ഭാഗ്യവുമില്ല.
ചിലപ്പോൾ ഞാൻ നിന്നെ സ്ത്രീകളാൽ
നിറഞ്ഞിരിക്കുന്നവനായി കാണാറുണ്ട്.
മറ്റു ചിലപ്പോൾ കവിതകളാലും.
ചിലപ്പോൾ നിന്നെ പുതിയൊരു സ്ത്രീയുമായി
കിടക്കുന്നവനായി ഞാൻ കാണാറുണ്ട്. അല്ലെങ്കിൽ
പുതിയ ഒരു കവിതയുമായി

നിശ്ചിത തുറമുഖങ്ങളില്ലാത്ത
സ്ഥിരമായ വിലാസങ്ങളൊന്നുമില്ലാത്ത
സ്ഥിരമായ വിശ്വസ്തതകളൊന്നുമില്ലാത്ത ഫിനീഷ്യൻ
നാവികാ..
നിങ്ങൾക്കൊപ്പം എനിക്കൊരു ഭാഗ്യവുമില്ല.
നിങ്ങളുടെ ഹോട്ടലുകൾ എപ്പോഴും ബുക്ക്
ചെയ്തിരിക്കുന്നു. നിങ്ങളുടെ കരങ്ങൾ സർവം
സജ്ജമാണ്.
ഞാൻ
കാത്തിരിപ്പിൻ്റെ കലയിൽ  പ്രാവീണ്യം നേടിയിട്ടില്ല.

താരപരിവേഷത്താൽ കൊല്ലപ്പെട്ട മഹാ നായകാ
നിങ്ങളുടെ ഓട്ടോഗ്രാഫ്  വാങ്ങാൻ കഴിയുമെന്ന്
പോലും ഞാൻ  പ്രതീക്ഷിക്കുന്നില്ല.
കാരണം
തിരശ്ശീല വീണതിനു ശേഷം...
ലൈറ്റുകൾ അണഞ്ഞു
കാണികൾ പോകുമ്പോഴാണ് ഞാൻ സ്ഥിരമായി
എത്താറുള്ളത്.

# പ്രണയ ലിഖിതങ്ങൾ

# (7)

ഈ കത്ത് ഞാൻ എഴുതുന്നത്
നിങ്ങളുടെ കരങ്ങൾക്ക് വേണ്ടിയാണ്.
അതെ,
നിങ്ങളുടെ കരങ്ങൾക്കായി മാത്രം

നിങ്ങളുടെ കൈകൾ നിങ്ങളെക്കാൾ
അനുകമ്പയുള്ളവയാണ്,
സ്ത്രീകളുടെ സ്വഭാവത്തെക്കുറിച്ച് അത് കൂടുതൽ
മനസ്സിലാക്കുന്നു.
ഒപ്പം അവരുടെ രഹസ്യങ്ങളും..
ഒപ്പം അവരുടെ ആന്തരിക ലോകങ്ങളും.

നിങ്ങളുടെ കരങ്ങളുമായുള്ള എന്റെ ബന്ധം വളരെ
പാഴക്കമുള്ളതാണ്.

അവയോടുള്ള എൻ്റെ ആരാധനയും വളരെ
പഴയതാണ്... .
പാരീസിലെ ഒരു സെയിൻ്റ് ജെർമെയ്ൻ
കഫേയിൽ ഞാൻ അവയെ കണ്ട നാൾ മുതൽ...
അന്ന്
അവ ഒറ്റയ്ക്ക് ഇരിക്കുകയായിരുന്നു.
ഒരിക്കൽ സിഗരറ്റിനോട് സംസാരിച്ച്...
മറ്റൊരിക്കൽ "അൽ–വിജൗർ" എന്ന പത്രവുമായി.

പിന്നെ ആരോരുമില്ലാതെ  ഒരിക്കൽ..
അവർ അന്തരീക്ഷത്തിൽ വരകളും രൂപങ്ങളും
വരയ്ക്കുന്നുണ്ടായിരുന്നു

സങ്കടത്തിൻ്റെ വഴിയോരങ്ങളിൽ
അലഞ്ഞുതിരിയുന്ന...എന്നെപ്പോലെ ഒരു
അറബിപ്പെണ്ണിനല്ലാതെ
നിങ്ങൾക്കത് മനസ്സിലാക്കാൻ കഴിയില്ല

കൊടുങ്കാറ്റ് എന്നെ ബാധിക്കുമ്പോൾ  ഞാൻ
കിടക്കുന്ന മണൽ തീരമാണ്
നിൻ്റെ കൈകൾ.

എനിക്ക് പ്രസവവേദന വരുമ്പോൾ ഞാൻ കുലുക്കുന്ന
രണ്ട് ഈന്തപ്പനകളാണ്.
മധുരമുള്ള  ഈത്തപ്പഴങ്ങൾ  അവർ എൻ്റെ മേൽ
ചൊരിയുന്നു.
ഈ കത്ത് നിങ്ങളുടെ കരങ്ങൾക്കായാണ് ഞാൻ
എഴുതുന്നത്.കാരണം നിനക്കെഴുതി ഞാൻ മടുത്തു..

അവർ എൻ്റെ സന്ദേശങ്ങൾ ആഘോഷിക്കുന്നു.
നീയോ അവ ചവറ്റുകുട്ടയിൽ എറിയുന്നു

അവർ മാന്യമായി പെരുമാറുന്നു...

നിങ്ങൾ പ്രാകൃതനാണ്.

അവർ സംഭാഷണത്തിനായി ആയിരം വാതിലുകൾ
തുറക്കുന്നു, പക്ഷേ നിങ്ങൾ എൻ്റെ മുഖത്ത് എല്ലാ
വാതിലുകളും അടയ്ക്കുന്നു.

എന്നെ സംരക്ഷിക്കാൻ ആരുമില്ലാത്തപ്പോൾ
നിൻ്റെ ബലിഷ്ഠമായ കരങ്ങളിൽ ഞാൻ അഭയം
പ്രാപിക്കുന്നു, എന്നെ മറയ്ക്കാൻ ആരുമില്ലാത്തപ്പോൾ
ഞാൻ അവരുടെ കട്ടിയുള്ള രോമങ്ങൾ കൊണ്ട്
എന്നെ മൂടുന്നു.

എനിക്ക് ഭക്ഷണം നൽകാനും കുടിപ്പിക്കാനും ആരുമില്ലാതാകുമ്പോൾ  ഞാൻ അവരിലേക്ക് അഭയം തേടുന്നു

നിങ്ങളുടെ കൈകൾ എപ്പോഴും
എനിക്കൊപ്പമുണ്ടായിരുന്നു...
എന്റെ നല്ല സമയങ്ങളിലും മോശം സമയങ്ങളിലും.
നിങ്ങളുടെ ഇടിമുഴക്കങ്ങളിലും
മിന്നൽപ്പിണറുകളിലും...അവർ എനിക്കൊപ്പം
മാത്രമായിരുന്നു...

മറുപക്ഷത്തെ വിശ്വസിക്കാത്ത, അവരുടെ
ചിന്തകളെയും ലിംഗഭേദങ്ങളെയും മുഖ
വിലക്കെടുക്കാത്ത, ഏതൊരു അറബ്
ഭരണാധികാരിയെപ്പോലെ നിങ്ങൾ
പെരുമാറിയപ്പോഴും അവർ എന്റെ ഭാഗത്തായിരുന്നു.
അല്ലെങ്കിൽ കൂടിയാലോചനയെ ക്കുറിച്ചും...
ബഹുസ്വരതയെ കുറിച്ചും... തുറന്ന സംവാദത്തെ
കുറിച്ചും സംസാരിക്കുന്ന ഏതോ ഗോത്ര
ശൈഖിനെപ്പോലെ നിങ്ങൾ പെരുമാറിയപ്പോഴും
അവർ എനിക്കൊപ്പമായിരുന്നു പക്ഷെ അവർ
ആരോടും സംവദിക്കുന്നില്ല ആരോടും കൂടിയാലോചന
നടത്തുന്നില്ല

നിങ്ങളുടെ കരതലങ്ങൾ
ഞാൻ ഉറങ്ങുന്നതിനുമുമ്പ് വായിക്കുന്ന രണ്ട്
അത്ഭുതകരമായ പുസ്തകങ്ങളാണ്.
വിഷാദാവസ്ഥയിൽ ഞാൻ തിരയുന്ന നിബിഢ
വനങ്ങളാണ്.

ഞാൻ മുങ്ങാൻ പോകുമ്പോൾ
മുറുകെ പിടിക്കുന്ന രണ്ട് മരക്കഷ്ണങ്ങളാണ്.
എനിക്ക് കുളിരു കോരുമ്പോൾ
ഞാൻ കുനിഞ്ഞിരിക്കുന്ന അടുപ്പുകളും..

നിങ്ങളുടെ കൈകൾ എല്ലായ്പോഴും
സമാധാനത്തിന്റെ പ്രാവുകളായിരുന്നു.
നമ്മൾ വഴക്കിട്ടാൽ

നമുക്കിടയിൽ അവർ അനുരഞ്ജനം നടത്തും.

പിന്നെ നീ എന്നെ കരയിപ്പിച്ചാലോ
എന്റെ കണ്ണുനീർ തുടയ്ക്കും

നിങ്ങൾ വീടിന് പുറത്തായിരിക്കുമ്പോൾ
ഞാൻ നിങ്ങളുടെ കരങ്ങളെ സന്ദർശിക്കുകയും
അവരോടൊപ്പം രാവിലെ കാപ്പി കുടിക്കുകയും
എൻ്റെ എല്ലാ കാര്യങ്ങളും ആശങ്കകളും അവരോട്
വെളിപ്പെടുത്തുകയും ചെയ്യാറുണ്ട്.

നിങ്ങൾക്കെതിരെ ഞാൻ സമർപ്പിച്ച എല്ലാ
വൈകാരിക അവകാശ വാദങ്ങളുടെയും പൂർണ്ണമായ
ഫയൽ ഞാൻ അവർക്ക് കൈമാറാറുണ്ട്.
പക്ഷെ അവയെല്ലാം എനിക്ക് നഷ്ടമായിപ്പോയി

ഞാൻ നിങ്ങളുടെ സുഹൃത്താകുന്നതിന്റെ മുൻപേ
തന്നെ
നിങ്ങളുടെ കൈകൾ എന്റെ സുഹൃത്തുക്കളാണ്...

അവരുമായുള്ള എൻ്റെ ബന്ധം നിങ്ങളുമായുള്ള
എൻ്റെ ബന്ധത്തേക്കാൾ ഉയർന്നതും
നിങ്ങളുമായുള്ള എൻ്റെ ബന്ധത്തേക്കാൾ
ശ്രേഷ്ഠവുമാണ്.
നിങ്ങളുമായുള്ളതിനേക്കാൾ  ആഴത്തിലുള്ള
വേരുകളുള്ളതും...

ലോകത്തെവിടെയും യാത്രയാകാൻ നിങ്ങൾ
തീരുമാനിച്ചോളൂ..
എല്ലാ യാത്ര ബാഗുകളും എടുത്തുകൊൾക.
ആ കൈകൾ മാത്രം എനിക്കായി വിട്ടു തരിക

ഞനൊരിക്കലും നിങ്ങളേയും
നിങ്ങളുടെ കരങ്ങളേയും കൂട്ടിക്കലർത്തുന്നില്ല.
കാരണം
അവർ സമാധാനപ്രിയരാണ്. നിങ്ങൾ
അക്രമാസക്തരും.

അവർ സഹിഷ്ണുതയുള്ളവരും
നിങ്ങൾ മതഭ്രാന്തന്മാരുമാണ്...

അവർ സംസ്കാരമുള്ളവരാണ്.
നിങ്ങളോ ശരാശരി സംസ്കാരമുള്ളവനാണ്.

അവർ മയമുള്ളവരും നിങ്ങൾ  മരവിച്ചവനുമാണ്.

ഞാൻ ഒരിക്കലും അവരുടെ ആധുനികതയെ
നിങ്ങളുടെ സലഫിസവുമായി കൂട്ടിക്കുഴക്കുന്നില്ല

എന്റെ പ്രഭോ.... നിങ്ങളുടെ കൈകളുടെ പിതൃത്വത്തിന്
നന്ദി.
വിരലുകളോടായി .... നഖങ്ങളോടായി
ധമനികളോടായി...

ആട്ടിയോടിക്കപ്പെട്ട കാലത്ത് അവർ എന്റെ
വീടായിരുന്നു. കൊടുങ്കാറ്റിന്റെ കാലത്ത്
മേൽക്കൂരകൾ ആയിരുന്നു.

എന്റെ കാൽക്കൽ നിന്നും മാതൃരാജ്യത്തിന്റെ
പരവതാനി വലിച്ചെടുക്കപ്പെട്ട കാലം മുതൽ അവർ
എന്റെ മാതൃഭൂമിയായിരുന്നു.

ആരുടെ കൈകളോടുള്ള
എന്റെ സൗഹൃദത്തിൽ ഞാൻ അഭിമാനിക്കുന്നുവോ
ആ മനുഷ്യാ,

ഏതെങ്കിലും വിമാനത്താവളത്തിലോതുറമുഖത്തോ
നടപ്പാതകളിലെ ഏതെങ്കിലും കഫേയിലോ
ആകസ്മികമായി നിങ്ങൾ നിങ്ങളുടെ കൈകളെ
കണ്ടുമുട്ടിയാൽ
എനിക്കുവേണ്ടി അവരോട്ടു നിങ്ങൾ
സലാം ചൊല്ലുക

# പ്രണയ ലിഖിതങ്ങൾ

# (8)

ഇത് പ്രണയത്തിന്റെ പുണ്യാളനായ

വാലൻ്റൈനിന്റെ ദിവസമാണ്.

കൂടാതെ എല്ലാ വിശുദ്ധന്മാരോടുമുള്ള എന്റെ സകല
ആദരവോടുകൾ കൂടി
നീ എൻ്റെ വിശുദ്ധനായി തുടരുന്നു.

ഈ മനോഹരമായ ദിവസത്തിൻ്റെ
മഹത്വത്തോടുള്ള എല്ലാ ആദരവോടും കൂടി, നിങ്ങൾ
എൻ്റെ സമയത്തിന്റെ നിർമ്മാതാവായി തുടരുന്നു.

ഒപ്പം എന്റെ ദിനങ്ങളുടെ യജമാനനായും.

യൂറോപ്യന്മാർക്ക് അവരുടെ വിശുദ്ധനെ
തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്.

എന്റെ വിശുദ്ധനെ തിരഞ്ഞെടുക്കുന്നതിൽ ഞാനും
സ്വതന്ത്രയാണ്.

അവർ അവരുടേതായ രീതിയിൽ ആരാധന
നടത്തുന്നു, ഞാൻ എന്റേതായ രീതിയിലും. അവരുടെ
ഔലിയാക്കളുടെ അത്ഭുതങ്ങളെക്കുറിച്ച് അവർ
സംതൃപ്തരാണ്. നിങ്ങളുടെ അത്ഭുതങ്ങളിൽ ഞാനും...

ഇത് സ്നേഹത്തിന്റെ വിശുദ്ധരുടെ ദിനമാണ് .

വാലൻന്റെ ൻ.....

എന്റെ നേർച്ചകൾ അർപ്പിക്കാൻ
ഞാൻ നിങ്ങളുടെ ആരാധനാലയത്തിലേക്കു പോകും ...
സുഗന്ധം പുകക്കാനും...

ഓറഞ്ച് പെർഫ്യൂം കൊണ്ട്
നിങ്ങളുടെ പാദങ്ങൾ കഴുകും...

അല്ലാതെ എനിക്ക് പോകാൻ വേറെ ഒരിടവുമില്ല .
എല്ലാ വഴികളും നിങ്ങളിലേക്ക് നയിക്കുന്നു.
എല്ലാ പ്രാവുകളും നിങ്ങളുടെ ഇട നെഞ്ചിലേക്ക്
പറക്കുന്നു . ലോകത്തിലെ എല്ലാ
പ്രണയിനികളും നിങ്ങളുടെ അനുഗ്രഹങ്ങൾ തേടുകയും
നിങ്ങളുടെ അത്ഭുതങ്ങൾക്കായി കാത്തിരിക്കുകയും
ചെയ്യുന്നു.

ഇത് പ്രണയത്തിന്റെ വിശുദ്ധന്റെ ദിവസമാണ്...
വാലൻ്റൈൻ. ....
നിങ്ങൾ ഇഷ്ടപ്പെടുന്ന ഒരു പേനയ്ക്കായി ഞാൻ
ലൈബ്രറികളിൽ തിരയും.

എഴുതാനുള്ള നിങ്ങളുടെ വിശപ്പിനെ ഉത്തേജിപ്പിക്കുന്ന
മനോഹരമായ പേപ്പറും...
നിങ്ങളുടെ പേപ്പറുകൾ സൂക്ഷിക്കുന്ന ഒരു ബാഗും

നിങ്ങൾ എന്റെ ചിത്രം ചേർത്തിവെക്കുന്ന ഒരു വെള്ളി
ഫ്രെയിം... നിങ്ങളുടെ ഷർട്ട് പോക്കറ്റിൽ ഇടാൻ ഒരു
കുഞ്ഞു ഡയറി അതിനോടൊപ്പം എന്നെയും നിങ്ങൾ
ആ കുഞ്ഞു പോക്കെറ്റിലിടും

എനിക്കെഴുതാനും എന്നോട് ശൃംഗരിക്കാനും നിങ്ങളെ
പ്രേരിപ്പിക്കുന്ന സകല സാധനങ്ങളെയും ഞാൻ
അന്വേഷിച്ച് കൊണ്ടിരിക്കും

ഇത് പ്രണയത്തിന്റെ വിശുദ്ധന്റെ ദിവസമാണ്.
വാലൻ്റൈൻ,
നമ്മുടെ പ്രണയത്തിൻ്റെ പത്താം വാർഷികം
നമുക്കാഘോഷിക്കണം.
ഒരു വർഷം കൂടി എന്നെ സഹിക്കാൻ
നിനക്കാകുമോ...?ഒരിക്കലും അവസാനിക്കാത്ത
എൻ്റെ ചോദ്യങ്ങൾ സഹിക്കാൻ കഴിയുമോ?
എന്റെ അനന്തമായ വൈരുദ്ധ്യങ്ങളും? എന്റെ
അനന്തമായ വിഡ്ഢിത്തവും?

എന്റെ ആഞ്ഞടിക്കുന്ന തിരമാലകൾക്ക് മുന്നിൽ
നിങ്ങൾക്ക് ഒരു വർഷം പിടിച്ചു നിൽക്കാമോ

എന്റെ അസാധ്യമായ ആവശ്യങ്ങളും
എന്റെ സ്ഫോടനാത്മകമായ അഭിനിവേശവും
ആയിരം പൗണ്ട് ഡൈനാമിറ്റുമായി?

ഇത് പ്രണയത്തിന്റെ വിശുദ്ധന്റെ ദിവസമാണ്..
വാലൻന്റൈൻ. ഞാൻ നിങ്ങളെ തളർത്തിയെന്ന്
സമ്മതിക്കുന്നു.

നിങ്ങൾ ഒരു നീണ്ട അവധിക്കാലം അർഹിക്കുന്നു.

നിങ്ങളുടെ തകർന്ന ഭാഗങ്ങൾ നന്നാക്കുക.
നിങ്ങളുടെ കത്തുന്ന ഞരമ്പുകളും.
പക്ഷേ.. ഞാനില്ലാതെ നീ എവിടെ പോകും?
നിങ്ങൾ കടലിൽ  മുങ്ങിപ്പോകുമെന്ന് ഞാൻ
ഭയപ്പെടുന്നു.
നിങ്ങൾ കാട്ടിലേക്ക് പോകുമെന്ന് ഞാൻ ഭയപ്പെടുന്നു

ചെന്നായ നിന്നെ തിന്നുകളയും...

നിങ്ങൾ സുന്ദരികളായ സ്ത്രീകളെ
അനുഗമിക്കുന്നതിനോട് എനിക്ക് ഭയമാണ്
നിങ്ങളുടെ
കന്യകാത്വം അത് നഷ്ടപ്പെടുത്തും.

പ്രണയത്തിന്റെ അക്ഷരമാലകൾ എന്നെ പഠിപ്പിച്ച
പുണ്യമേ,

ആദ്യാക്ഷരം മുതൽ അന്ത്യാക്ഷരം വരെ ഭ്രമിക്കും
ആകാശത്തിനും ഇടയിൽ ഒരു മഴവില്ല് പോലെ എന്നെ
വരച്ചവനെ...
എന്നെ വൃക്ഷങ്ങളുടെ ഭാഷ പഠിപ്പിച്ചവനെ...
ഒപ്പം മഴയുടെ ഭാഷയും..
നീലക്കടലിന്റെ ഭാഷയും..

ഞാൻ നിന്നെ സ്നേഹിക്കുന്നു ..
ഞാൻ നിന്നെ സ്നേഹിക്കുന്നു ..
ഞാൻ നിന്നെ സ്നേഹിക്കുന്നു ..